പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5999

04/07/2019-ൽ മറുപടിയ്ക്ക്

**മഞ്ചേരി നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ**

| ചോദ്യം<br>**ശ്രീ.എം.ഉമ്മർ** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായുള്ള പദ്ധതികളിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>1) മികവിന്റെ കേന്ദ്രം (5 കോടി) -<br>പാണ്ടിക്കാട് ഗവ.ഹയർസെക്കന്ററി സ്കൂൾ<br><br>2) അടിസ്ഥാനസൗകര്യ വികസനം -<br>(3 കോടി) - ജി.ബി.എച്ച്.എസ്.എസ് മഞ്ചേരി, ജി.വി.എച്ച്.എസ്.എസ് നെല്ലിക്കോത്ത്, ജി.എച്ച്.എസ്.എസ് കാരക്കുന്ന്<br><br>3) ആയിരം കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾ (3 കോടി) - ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി, ജി.എച്ച്.എസ്.എസ് പട്ടിക്കാട്<br><br>4) 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ (1 കോടി) -<br>വീമ്പൂർ ജി.യു.പി.എസ്,ഒരവമ്പ്രം ജി.എം.യു.പി.എസ്, പുല്ലൂർ ജി.യു.പി.എസ്<br><br>8 മുതൽ 12 വരെ ക്ലാസുകളെ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി മഞ്ചേരി മണ്ഡലത്തിലെ 26 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 99 സ്കൂളുകളിൽ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ അദ്ധ്യയനവർഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ, | (ബി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് പൊതുവായി വിതരണം ചെയ്യുന്ന മൾട്ടി ഫങ്ഷൻ പ്രിന്റർ, ക്ലാസ്സ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, പ്രൈമറി ഹൈടെക് ലാബ് പദ്ധതി പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ അദ്ധ്യയന വർഷം നടത്താനുദ്ദേശിക്കുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങളും മഞ്ചേരി മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈടെക് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾ പദ്ധതി നടപ്പിലാക്കുന്ന മണ്ഡലത്തിലെ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കി. |

Namitha.P

സെക്ഷൻ ഓഫീസർ

Pərranam

| ASSEMBLY : MANJERI | | | |
|---|---|---|---|
| Sl.No | School Code | School Type | Name of School |
| 1 | 18021 | HS | G.B.H.S.S. Manjeri |
| 2 | 18023 | HS | G.G.H.S.S. Manjeri |
| 3 | 18025 | HS | H.M.Y.H.S.S. Manjeri |
| 4 | 18026 | HS | G.H.S.S. Karakunnu |
| 5 | 18027 | HS | G.H.S.S. Pandikkad |
| 6 | 18028 | HS | G.V.H.S.S. Nellikuth |
| 7 | 18030 | HS | V.H.M.H.S.S Morayur |
| 8 | 18031 | HS | P.M.S.A H.S.S Elankur |
| 9 | 18501 | HS | TECHNICAL HS MANJERI |
| 10 | 48056 | HS | A.S.M.H.S. Velliyancheri |
| 11 | 48063 | HS | G.H.S.S. Pattikkad |
| 12 | 48081 | HS | T.H.S. Thachinganadam |
| 13 | 48136 | HS | G.H.S. Edappatta |
| 14 | 11002 | HSS | GOVT HSS, PANDIKKAD, MALAPPURAM |
| 15 | 11010 | HSS | GOVT BOYS HSS,MANJERY,MALAPPURAM |
| 16 | 11026 | HSS | GOVT GIRLS HSS,MANJERY,MALAPPURAM |
| 17 | 11050 | HSS | HMY HSS,MANJERY,MALAPPURAM |
| 18 | 11066 | HSS | VHM HSS,MORAYOOR,MALAPPURAM |
| 19 | 11077 | HSS | J.S.R.HSS FOR GIRLS, VETTEKODE, MANJERI, MALAPPURAM |
| 20 | 11140 | HSS | GHSS, NELLIKUTH, MANJERI, MALAPPURAM |
| 21 | 11158 | HSS | GOVT. HSS, KARAKUNNU, MALAPPURAM |
| 22 | 11219 | HSS | ASM Higher Secondary School, Velliyanchery, Velliiyanchery PO, Malappuram |
| 23 | 11230 | HSS | PMSA Higher Secondary School, Elankur |
| 24 | 11246 | HSS | Thachinganadam HSS |
| 25 | 910003 | VHSS | GVHSS & THS MANJERI |
| 26 | 910021 | VHSS | GVHSS NELLIKUTH |

Namitha.J